എന്നിവവഴി ജൈവിക കീടരോഗ നിയന്ത്രണോപാധികളായ സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോ കാർഡ്സ്, പരാദ പ്രാണികൾ എന്നിവ ഉൽപാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷിഭവൻമുഖേനയും ലഭ്യമാക്കിവരുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഇവ ഉൽപാദിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള പ്രോത്സാഹനം കർഷകർക്കും SHG (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്) പോലുള്ള ഗ്രൂപ്പുകൾക്കും നൽകിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴിയും ഇവ കർഷകർക്ക് ലഭ്യമാക്കിവരുന്നു.

നാളികേരത്തിന്റെ ഉൽപ്പാദനം

135 (2768) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞുവരുന്നതായ സർവ്വേ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ഉല്പാദനം കുറഞ്ഞതിന് ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) നാളികേര വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം ബജറ്റിലൂടെ പ്രഖ്യാപിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണ് ; ഇതിൽ ഏതൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കിയിട്ടും ഉല്പാദനം കുറയുവാനിടയായതിന്റെ കാരണം പരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പ് പരിശോധന നടത്തിയിട്ടില്ല.

(സി) 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ പറയുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. നാളികേരത്തിന്റെ ഉൽപ്പാദനം, മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തി നാളികേര കൃഷി ലാഭകരമാക്കുന്നതിനും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി ഒരു സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നു.

2. ചിതറിക്കിടക്കുന്ന ചെറുകിട നാമമാത്ര തെങ്ങുകർഷകർക്ക് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി ഓരോ ഗ്രാമത്തിലും കേരകർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് നാളികേര ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുന്നതാണ്. അങ്ങനെയുള്ള ഉൽപ്പാദക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ ഫെഡറേഷൻ രൂപീകരിക്കുന്നതുമാണ്.

3. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിൽ പരിശീലനംനേടി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 5000 പേരിൽ ബാങ്ക് വായ്പ എടുത്ത് ഇരുചക്രവാഹനങ്ങൾ വാങ്ങുന്നവർക്ക് 25 ശതമാനം സബ്സിഡി (പരമാവധി 12,500 രൂപ) നൽകുന്നതാണ്.

4. കരിക്കിൻവെള്ളം സംസ്കരണം, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ചിപ്സ് എന്നീ നൂതന നാളികേര വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ പുതിയ യൂണിറ്റുകൾക്ക് നാളികേര ബോർഡിന്റെ സഹായത്തിനുപുറമേ മൂലധന ചെലവിന്റെ 25 ശതമാനം തുക (പരമാവധി 25 ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകാവുന്നതാണ്.

5. വെട്ടിക്കളയുന്ന തെങ്ങിൻതടി നിലവിൽ കാര്യമായി പ്രയോജന പ്പെടുത്തുന്നില്ല. തെങ്ങ് കൃഷി പുനർജീവന പദ്ധതിയിൽ മാത്രം കേരളത്തിൽ ഏകദേശം പത്ത് ലക്ഷത്തോളം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവത്കരണത്തിനുമായി പ്രൈമറി പ്രോസസ്സിംഗിനുവേണ്ടി കേരഫെഡ് എഫ്.ഐ.ടി. സംരംഭത്തിന് 5 കോടി രൂപ അനുവദിക്കുന്നതാണ്.

2012-13-ൽ നടപ്പിലാക്കിയ പദ്ധതികൾ

1. നാളികേരത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കൃഷിഭവനുകൾമുഖേന കേരഫെഡിന്റെ സഹായത്തോടുകൂടി പച്ചനാളികേര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഭരണ പദ്ധതി 2012-13-ൽ നടപ്പിലാക്കി. സംസ്ഥാനത്തെ 8 ജില്ലകളിലെ (കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തെരഞ്ഞെടുത്ത കൃഷിഭവനുകളിൽ സംഭരിക്കുന്ന നാളികേരം കേരഫെഡ് കൊപ്രയാക്കി മാറ്റുന്നു. പദ്ധതിയുടെ ചെലവുകൾക്കായി 21 കോടി രൂപ കേരഫെഡിന് നൽകിയിട്ടുണ്ട്.

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ട്.

2. കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും പ്രോത്സാഹനവും ധനസഹായവും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന നൽകിവരുന്നു. 2012-13-ൽ നൂതന നാളികേര വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് എന്ന പദ്ധതിയിൽ നൽകുന്ന 25 ശതമാനം സബ്സിഡിക്ക് (പരമാവധി 50 ലക്ഷം രൂപ) പുറമേ ബോർഡ് ശുപാർശ ചെയ്യുന്ന യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി. 25 ശതമാനം (പരമാവധി 25 ലക്ഷം രൂപ) സബ്സിഡി നൽകി വരുന്നു. മൂല്യവർദ്ധന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയാണ് ഇതിനായി എസ്.എഫ്.എ.സി.യ്ക്ക് നൽകിയിരുന്നത്.

II. 2013-14 ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

1. നാളികേര വികസനവും സംഭരണവും നാളികേരത്തിന്റെ മൂല്യവർദ്ധനവും, വൈവിദ്ധ്യവത്ക്കരണവും അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികൾ കോർത്തിണക്കി നാളികേര ബയോപാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ 2012-13 വർഷത്തിൽ തുടക്കമിട്ടിട്ടുണ്ട്. കൂടാതെ നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ തെങ്ങുകൾ റീ പ്ലാന്റ് ചെയ്യുന്ന പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയനുസരിച്ച് കൊപ്രാ സംഭരണം ഫലപ്രാപ്തിയിലെത്തുന്നില്ലായെന്ന് മനസ്സിലാക്കി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കൃഷിവകുപ്പ് തുടക്കംകുറിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് കർഷകർക്ക് നാളികേരം അതാത് കൃഷിഭവനുകളിൽ നൽകാവുന്നതും അപ്പോൾത്തന്നെ ആയതിന്റെ വില സ്വീകരിക്കാവുന്നതുമാണ്. 2013-14 വർഷത്തിലും ഈ പദ്ധതി കൂടുതൽ കൃഷിഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്.

നാളികേര വികസനത്തിനായി 2013-14 വർഷത്തിൽ 50 കോടി രൂപ

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽ പ്രവർത്തികൾക്കായി 25 കോടി രൂപ കൂടി വകയിരുത്തുന്നു.

കൈക്കൊണ്ട നടപടികൾ

നാളികേരത്തിന്റെ മൂല്യവർദ്ധനവും വൈവിദ്ധ്യവത്കരണവും ലക്ഷ്യമാക്കിക്കൊണ്ട് നാളികേര ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള ഓഫീസ് -കം- ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

2012-13-ൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരിക്കുന്നതിന് തുടക്കംകുറിച്ച പദ്ധതി 2013-14-ൽ തുടരുകയും പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകൾ ഉൾപ്പെടെ കൂടുതൽ കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 2012-13-ൽ 21 കോടി രൂപ കേര ഫെഡിന് അനുവദിച്ചിരുന്നു.

III. 2014-15 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

ഉത്പാദനം, സംഭരണം, വിതരണം എന്നീ മേഖലകളെ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഗവേഷണ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി, ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള പ്രായോഗിക നടപടികളിലൂടെമാത്രമേ കാർഷിക മേഖലയെ ഉയർച്ചയിലേക്ക് കൊണ്ടു പോകാനാകൂ. കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ആകെ 964.82 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികൾ

കൃഷിഭവനിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമാക്കുന്നതിന് കേരഫെഡിനുള്ള പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപ 2014-15-ൽ നൽകിയിരുന്നു. കൂടാതെ പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കിയതിനുള്ള ഇൻസെന്റീവ് ഇനയായി ക്വിന്റലിന് 500 രൂപ നിരക്കിൽ ഒരു കോടി രൂപ കേരഫെഡിന് നൽകിയിട്ടുണ്ട്.

തെങ്ങിൽനിന്നും നീരുൽപ്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ കേരകർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൻ പൂക്കുല നീര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്കരിച്ച് നീരയും കേര ചക്കരയും ഉൽപ്പാദനം സംബന്ധിച്ച ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നീലേശ്വരം കേന്ദ്രമാക്കി 2013-14-ൽ ആരംഭിച്ചുകൊണ്ട് 2014-15-ൽ നടപ്പിലാക്കിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന നീര കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന വിതരണം നടത്തുന്നു. പദ്ധതിക്കായി 45ലക്ഷം രൂപ 2013-14-ലും 85 ലക്ഷം രൂപ 2014-15-ലും കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. നീര വിപണനത്തിനായി 180 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷന് 2014-15-ൽ നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

കർഷകർക്കുള്ള നഷ്ടപരിഹാരം

136 (2769) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുകയിൽ വെട്ടിക്കുറവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നടപടികൾ കൃഷിക്കാരുടെ ആത്മവിശ്വാസം കെടുത്തുന്നതാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയം ഉന്നയിച്ച് കർഷകർ പ്രക്ഷോഭത്തിലാണെന്നകാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 11-6-2012-ലെ സ.ഉ.(എംഎസ്.)നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിവന്നിരുന്നത്. അതതു കാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF-ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012- മുതൽ പ്രാബല്യത്തിൽ